● ലേഖനം

പി.കെ നിയാസ്

# മൊറോക്കോ തെരഞ്ഞെടുപ്പും ഇസ്‌ലാമിസ്റ്റുകളും

**ആഫ്രിക്കൻ** രാജ്യമായ മൊറോക്കോയിലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ വോട്ടിംഗ് ശതമാനം വെറും 37 ആയിരുന്നു. ഏറ്റവും വലിയ ഒറ്റകക്ഷിയാകുമെന്ന് പ്രതീക്ഷിക്കപ്പെട്ട ഇസ്‌ലാമിക് പാർട്ടിക്ക് രണ്ടാം സ്ഥാനം കൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു. 46 സീറ്റ് നേടിയ ഇസ്‌ലാമിസ്റ്റുകളേക്കാൾ ആറു സീറ്റുകൾ അധികം നേടിയ ദേശീയവാദികളായ ഇസ്തിഖ്‌ലാൽ ഒന്നാം സ്ഥാനത്തെത്തി. 80 സീറ്റുകൾ പ്രതീക്ഷിച്ചിരുന്ന ഇസ്‌ലാമിസ്റ്റ് കക്ഷിയായ *ഹിസ്ബുൽ അദാലത്ത് വത്തൻമിയ* അഥവാ ജസ്റ്റിസ് ആന്റ് ഡെവലപ്മെന്റ് പാർട്ടി (പി.ജെ.ഡി) വോട്ടിംഗിലെ ക്രമക്കേടുകളാണ് സീറ്റുകൾ കുറയാൻ കാരണമായി കണ്ടത്. എതിരാളികൾ പണമൊഴുക്കി പലരെയും വോട്ടു ചെയ്യുന്നതിൽനിന്ന് പിന്തിരിപ്പിച്ചുവെന്നും രാജ്യത്തിന്റെ ചരിത്രത്തിലെ ഏറ്റവും കുറഞ്ഞ വോട്ടിംഗ് ശതമാനത്തിനു കാരണം ഇതാണെന്നും പാർട്ടി വിലയിരുത്തി. എന്നാൽ ചില്ലറ ക്രമക്കേടുകൾ നടന്നിട്ടുണ്ടെങ്കിലും മൊത്തത്തിൽ കുഴപ്പമില്ലാത്തതായിരുന്നു വോട്ടെടുപ്പെന്നാണ് അന്താരാഷ്ട്ര നിരീക്ഷകരുടെ കണ്ടെത്തൽ. ആദ്യമായാണ് ഇലക്ഷൻ നിരീക്ഷിക്കാൻ വിദേശ സംഘത്തിന് മൊറോക്കോ അനുവാദം നൽകുന്നത്.

പി.ജെ.ഡിയുടെ ആരോപണങ്ങൾക്ക് ഇസ്തിഖ്‌ലാൽ പാർട്ടി നേതാവ് അബ്ബാസ് അൽ ഫാസി നേരിട്ട് പ്രതികരിച്ചില്ല. അദ്ദേഹം പറഞ്ഞത് ഇതാണ്: "പി.ജെ.ഡി തെരഞ്ഞെടുപ്പിനു മുമ്പേ വിജയം പ്രവചിച്ചു. എന്നാൽ പ്രവചനങ്ങൾക്ക് മുതിരാതെ വോട്ടർമാരിൽ പ്രതീക്ഷയർപ്പിച്ച് ക്ഷമയോടെ ഞങ്ങൾ കാത്തിരുന്നു." ഇതിനെ കടത്തിവെട്ടുന്ന പ്രതികരണമാണ് ആഭ്യന്തരമന്ത്രി ശക്കീബ് ബിൻ മൂസ നടത്തിയത്. രാജ്യത്തെ ജനങ്ങളുടെ രാഷ്ട്രീയ പക്വതയാണ് വോട്ടിംഗ് ശതമാനം സൂചിപ്പിക്കുന്നതെന്നു പറഞ്ഞ് സംഗതി ലളിതവത്കരിച്ചു അദ്ദേഹം.

325 സീറ്റുകളുള്ള പാർലമെന്റിലേക്ക് 33 പാർട്ടികളാണ് മത്സരിച്ചത്. 'ജനാധിപത്യത്തിന്റെ പരിപോഷണാർഥം' വോട്ടിംഗ് പ്രായം 20-ൽനിന്ന് 18 ആയി കുറച്ചിരുന്നു. പാർലമെന്റ് മണ്ഡലങ്ങളുടെ എണ്ണം 91-ൽനിന്ന് 95 ആയി ഉയർത്തിയതിനു പിന്നിലും ജനാധിപത്യത്തോടുള്ള കൂറും ബഹുമാനവുമാണെന്നാണ് ആഭ്യന്തരമന്ത്രി പ്രസ്താവിച്ചതെങ്കിലും ഇസ്‌ലാമിസ്റ്റുകളുടെ കുതിപ്പ് തടയാൻ ഉന്നംവെച്ചുള്ള നടപടിയായിരുന്നു ഇതെന്ന് ആരോപണമുയർന്നിരുന്നു. തെരഞ്ഞെടുപ്പ് നേട്ടത്തിനായി നിയോജക മണ്ഡലങ്ങളുടെ അതിരുകൾ നിർണയിക്കുന്നതിൽ ക്രമക്കേടുകൾ (Gerrymandering) നടന്നു. (അമേരിക്കയിലെ മസാച്ചുസെറ്റ്സ് സംസ്ഥാനത്തിന്റെ ഗവർണറായിരുന്ന എൽബ്രിജ് ജെറിയുടെ പേരിനോട് ചേർത്താണ് ഇത്തരം ക്രമക്കേടുകൾക്ക് ജെറിമാൻഡറിംഗ് എന്ന പ്രയോഗമുണ്ടായത്.) കഴിഞ്ഞ വർഷം ഒക്ടോബറിൽ ഉപരിസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ വ്യാപകമായ ക്രമക്കേടുകൾ കണ്ടെത്തുകയും 17 എം.പിമാർ ഉൾപ്പെടെ 67 പേർ അറസ്റ്റിലാവുകയും ചെയ്തിരുന്നു. ഉപരിസഭയിലെ കാലാവധി ഒമ്പതു വർഷമായതിനാൽ വിവിധ പാർട്ടികളിലെ സ്ഥാനമോഹികൾ അതിൽ കണ്ണുവെക്കുക സ്വാഭാവികം. പിടിയിലായവരിൽ നിരവധി സർക്കാർ ഉദ്യോഗസ്ഥരും ഉൾപ്പെട്ടിരുന്നു.

ഇസ്‌ലാമിസ്റ്റുകളെ മാത്രമല്ല, രാഷ്ട്രീയ നിരീക്ഷകരെയും മാധ്യമപ്രവർത്തകരെയും അമ്പരപ്പിക്കുന്നതായിരുന്നു ഇലക്ഷൻ ഫലം. അന്താരാഷ്ട്ര വാർത്താ ഏജൻസികളും മാധ്യമങ്ങളും നിരീക്ഷകരുമൊക്കെ പി.ജെ.ഡി ഏറ്റവും വലിയ ഒറ്റ കക്ഷിയാകുമെന്ന് പ്രവചിച്ചിരുന്നു. ഇസ്തിഖ്‌ലാലിനും പി.ജെ.ഡിക്കും നാലു സീറ്റുകളുടെ വീതം വർധനയാണ് ഉണ്ടായതെങ്കിൽ ഏറ്റവും വലിയ നേട്ടം കൊയ്തത് ലിബറലിസ്റ്റുകളായ പോപ്പുലർ മൂവ്മെന്റാണ്. കഴിഞ്ഞ തവണ 27 സീറ്റുണ്ടായിരുന്ന പാർട്ടിക്ക് ഇത്തവണ 16 സീറ്റ് അധികം ലഭിച്ചു. എന്നാൽ സോഷ്യലിസ്റ്റ് പാർട്ടിക്ക് വൻ തിരിച്ചടിയാണ് കിട്ടിയത്. 14 സീറ്റുകൾ നഷ്ടപ്പെട്ട അവർ 36 സീറ്റുകളുമായി അഞ്ചാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. നേരത്തേയുണ്ടാക്കിയ ധാരണ പ്രകാരം സർക്കാറിൽ സോഷ്യലിസ്റ്റുകളെ പങ്കാളിയാക്കുമെന്ന് ഇസ്തിഖ്‌ലാൽ പ്രഖ്യാപിച്ചിട്ടുണ്ട്. 1944-ൽ രൂപീകൃതമായ ഇസ്തിഖ്‌ലാൽ രാജ്യത്തെ ഏറ്റവും പഴക്കംചെന്ന പാർട്ടിയാണ്. ഫ്രഞ്ച് കോളനിയായിരുന്ന മൊറോക്കോയുടെ സ്വാതന്ത്ര്യ പോരാട്ടത്തിൽ പങ്കെടുത്ത പാരമ്പര്യം അവകാശപ്പെട്ടാണ് ഇലക്ഷനുകളിൽ പാർട്ടി മത്സരിക്കാറുള്ളത്. വലിയൊരു വിഭാഗം ജനങ്ങൾ നിരക്ഷരരായ സമൂഹത്തിൽ വോട്ടർമാരെ കുപ്പിയിലാക്കാൻ പാർട്ടി നന്നായി പണമൊഴുക്കിയെന്നാണ് എതിരാളികൾ ചൂണ്ടിക്കാട്ടുന്നത്.

## ഇസ്‌ലാമിസ്റ്റ് പാർട്ടി

രാജകുടുംബവുമായി അടുത്ത ബന്ധമുള്ള ഡോ. അബ്ദുൽ കരീം അൽ ഖാത്തിബ് 1992-ൽ രൂപം നൽകിയ പാർട്ടി ഓഫ് നാഷ്നൽ റിന്യൂവലാണ് (എം.പി.ഡി.സി) 98-ൽ ഹിസ്ബുൽ അദാലത്ത് (പി.ജെ.ഡി) എന്ന പേരിൽ ഇസ്‌ലാമിസ്റ്റ് പാർട്ടിയായി മാറിയത്. തുർക്കിയിലെ ജസ്റ്റിസ് ആന്റ് ഡെവലപ്മെന്റ് പാർട്ടി (എ.കെ.പി)യുടെ പ്രവർത്തനങ്ങളിൽ ആകൃഷ്ടരായാണ് അതേ പേരുതന്നെ പാർട്ടി സ്വീകരിച്ചതെന്നാണ് അനൗദ്യോഗിക ഭാഷ്യം. എന്നാൽ തുർക്കിയിലെ ഉർദുഗാന്റെ പാർട്ടിയേക്കാൾ ലിബറൽ സ്വഭാവം അൽപം കുറവാണ് പി.ജെ.ഡിക്ക്. 2002-ലെ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ അനുമതി ലഭിച്ച ഭൂരിഭാഗം മണ്ഡലങ്ങളിലും പാർട്ടി വിജയിക്കുകയുണ്ടായി. അന്നത്തെ 42 സീറ്റുകളേക്കാൾ നാലു സീറ്റുകൾ കൂടുതൽ നേടിയതോടെ പാർട്ടിയുടെ പോക്ക് പിറകോട്ടല്ല എന്ന് വ്യക്തമായിരിക്കുന്നു. മൊറോക്കൻ സമൂഹത്തെ പാശ്ചാത്യവത്കരിക്കുന്നതിനെതിരെ ഇസ്‌ലാമിക മൂല്യങ്ങൾ മുറുകെപിടിച്ച് പോരാട്ടം നടത്തുന്ന പാർട്ടിയെന്ന നിലയിലാണ് പി.ജെ.ഡി വിലയിരുത്തപ്പെടുന്നത്. തുർക്കിയിലെയും ഈജിപ്തിലെയും ഫലസ്തീനിലെയും ഇസ്‌ലാമിക പ്രസ്ഥാനങ്ങളെപ്പോലെ അഴിമതിക്കും സ്വജനപക്ഷപാതത്തിനുമെതിരെ ശക്തമായ പോരാട്ടം നടത്തിയതിലൂടെയാണ് അടിസ്ഥാന ജനവിഭാഗങ്ങളിൽ പാർട്ടി പിന്തുണ കൈവരിച്ചത്. ഇസ്‌ലാമിക ശരീഅത്ത് സംസ്ഥാപനം പാർട്ടി അജണ്ടയായി സ്വീകരിച്ചിട്ടില്ല. ഇത്തരം ചിന്തകൾ നേതൃത്വത്തിൽ ചിലർ ഉയർത്തിയെങ്കിലും അതിന് വേണ്ടത്ര പിന്തുണ ലഭിച്ചില്ല. രാജാധിപത്യത്തെ ചോദ്യം ചെയ്യുന്നതിനും പി.ജെ.ഡി തൽക്കാലം മൊറട്ടോറിയം പ്രഖ്യാപിച്ചിരിക്കുകയാണ്. ഇലക്ഷനിൽ മത്സരിക്കുന്നതിന് വിലക്കേർ

പ്പെടുത്താൻ അത് കാരണമായേക്കുമെന്ന് ബോധ്യമുള്ളതുകൊണ്ടാണിത്. പാർട്ടിയുടേത് പ്രായോഗികമായ സമീപനമാണെന്നാണ് സെക്രട്ടറി ജനറൽ സഅ്ദുദ്ദീൻ അൽ ഉസ്മാനി പറയുന്നത്. അദ്ദേഹത്തിന് മൊറോക്കോയിലെ ഉർദുഗാൻ എന്ന അപരനാമവും നൽകിയിരിക്കുന്നു രാഷ്ട്രീയ നിരീക്ഷകർ.

ഇഖ്‌വാനെയും ഹമാസിനെയും പോലെ 'രാഷ്ട്രീയ' ഇസ്‌ലാമിന് ഊന്നൽ നൽകാതിരുന്നതിനാൽ തുർക്കിയിലെ എ.കെ.പിയെപ്പോലെ പി.ജെ.ഡിയും ബുഷ് ഭരണകൂടത്തിന് പഥ്യമായി. ഫലസ്തീനിൽ ഹമാസ് ജയിച്ചപ്പോൾ അംഗീകരിക്കാൻ കൂട്ടാക്കാതിരുന്നവർ പി.ജെ.ഡിക്ക് പ്രശംസകൾ ചൊരിയാൻ മത്സരിച്ചു. വോട്ടെടുപ്പിന് തലേന്ന് (സെപ്റ്റംബർ 6) *വാഷിംഗ്ടൺ പോസ്റ്റ്* പ്രസിദ്ധീകരിച്ച കസാബ്ലാങ്ക ലേഖകൻ എല്ലൻ നിക്മെയറുടെ റിപ്പോർട്ട് ആരംഭിക്കുന്നത്, പി.ജെ.ഡി നേതാവ് സഅ്ദുദ്ദീൻ ഉസ്മാനിയുടെ 20 മിനിറ്റ് സംഭാഷണത്തിൽ സാമ്പത്തിക മേഖലയെയും സാമ്പത്തിക വികസനത്തെയും ഏഴു തവണ പരാമർശിച്ചപ്പോൾ ഇസ്‌ലാം ഒരു തവണ മാത്രമേ കടന്നുവന്നുള്ളൂ എന്ന ആമുഖത്തോടെയാണ്. തുടർന്ന് ഒരു സ്ത്രീക്ക് ഹസ്തദാനം ചെയ്ത് മിതവാദിയായ മുസ്‌ലിമാണെന്ന് അമ്പത്തഞ്ചുകാരനായ ഈ സൈക്യാട്രിസ്റ്റ് തെളിയിച്ചു. പാർട്ടിയുടെ ഒരു ഡസനോളം വനിതാ സ്ഥാനാർഥികളിൽ പലരും ഹിജാബ് ധരിച്ചിരുന്നില്ലെന്നതും തങ്ങളുടേത് മതസംഘടനയല്ല, രാഷ്ട്രീയ പാർട്ടിയാണെന്ന് അദ്ദേഹം പറഞ്ഞതും പി.ജെ.ഡി മതമൗലികവാദികളുടെ കൂട്ടമല്ലെന്ന് വ്യക്തമാക്കിയെന്നാണ് ലേഖകൻ വിശദീകരിക്കുന്നത്.

രാജ്യത്തെ 3.4 കോടി ജനങ്ങളിൽ 40 ശതമാനവും ദാരിദ്ര്യത്തിൽ കഴിയുമ്പോൾ അതൊരു ഗുരുതര പ്രശ്നമായി കണ്ട് പരിഹാര മാർഗങ്ങൾ കണ്ടെത്തുന്നത് 'രാഷ്ട്രീയ ഇസ്‌ലാമി'ന്റെ ഭാഗമാണെന്ന വസ്തുത പക്ഷേ, ലേഖകൻ മറന്നുപോയി. സകല ഏകാധിപത്യ രാജഭരണകൂടങ്ങളെയും പിന്താങ്ങുകയും ജനാധിപത്യം പ്രസംഗിക്കുകയും ചെയ്യുന്ന അമേരിക്കയുടെ ഇരട്ടത്താപ്പ് നിലപാട് തന്നെയാണല്ലോ അവിടത്തെ മാധ്യമങ്ങളിലും പ്രതിഫലിക്കുക.

*വാഷിംഗ്ടൺ പോസ്റ്റു*മായുള്ള അഭിമുഖത്തിൽ മധ്യപൗരസ്ത്യദേശത്ത് ജനാധിപത്യം വരണമെന്ന് പെരുമ്പറയടിക്കുകയും ഈജിപ്തിൽ ഇഖ്‌വാനും ഫലസ്തീനിൽ ഹമാസും വൻ നേട്ടങ്ങൾ കൊയ്തപ്പോൾ വിരുദ്ധ നിലപാട് സ്വീകരിക്കുകയും ചെയ്ത ബുഷ് ഭരണകൂടത്തെ ഉസ്മാൻ നിശിതമായി വിമർശിച്ചിരുന്നു. ജനാധിപത്യവിരുദ്ധരായ ഏകാധിപതികളെ പട്ടും വളയുമണിയിക്കുന്ന അമേരിക്കൻ നയങ്ങളാണ് ഭീകരവാദം വളർത്തുന്നതെന്നും അദ്ദേഹം ഓർമിപ്പിച്ചു.

## ജസ്റ്റിസ് ആന്റ് ചാരിറ്റി പാർട്ടി

ശൈഖ് അബ്ദുസ്സലാം യാസീൻ രൂപം നൽകിയ *അൽ അദ്ൽ വൽ ഇഹ്സാനാ*ണ് (ജസ്റ്റിസ് ആന്റ് ചാരിറ്റി പാർട്ടി) മൊറോക്കോയിലെ ഏറ്റവും വലിയ ഇസ്‌ലാമിസ്റ്റ് പാർട്ടി. രാജ്യത്ത് ശരീഅത്ത് നടപ്പാക്കണമെന്ന് ശക്തിയുക്തം ആവശ്യപ്പെടുന്ന ഇസ്‌ലാമിസ്റ്റുകളെ രാഷ്ട്രീയ പ്രവർത്തനം നടത്തുന്നതിൽനിന്ന് തടയുകയാണ് രാജഭരണകൂടം ചെയ്തത്. മുഹമ്മദ് ആറാമൻ രാജാവിനെ അമീറുൽ മുഅ്മിനീൻ എന്ന് അഭിസംബോധന ചെയ്യണമെന്ന് നിഷ്കർഷിക്കുന്ന ഭരണഘടനാ വകുപ്പ് അംഗീകരിക്കാൻ കൂട്ടാക്കാത്ത ഇസ്‌ലാമിസ്റ്റുകൾ തെരഞ്ഞെടുപ്പിൽനിന്ന് വിട്ടുനിൽക്കുകയാണ്. ഒരു ഇസ്‌ലാമിക ഭരണാധികാരിയുടെ ലേബലിൽ രാജഭരണത്തിന്റെ മുഴുവൻ ദൂഷ്യവും പേറുന്ന മുഹമ്മദ് ആറാമൻ രാജാവിന് വേറെയും ചില പ്രത്യേകതകളുണ്ട്. യു.എസ് പ്രസിഡന്റ് ജോർജ് ഡബ്ലിയു. ബുഷിന്റെ ആഫ്രിക്കയിലെ ഏറ്റവുമടുത്ത കൂട്ടുകാരനായ അദ്ദേഹം രാജ്യത്തെ അറിയപ്പെടുന്ന ജൂത രാഷ്ട്രീയ നേതാവ് ആൻഡ്ര്യൂ അസുലേയെയാണ് മുഖ്യ ഉപദേശകനായി നിയമിച്ചിരിക്കുന്നത്!

*അൽ അദ്ൽ വൽ ഇഹ്സാൻ* ഈജിപ്തിലെ ഇഖ്‌വാനുൽ മുസ്‌ലിമൂനെപ്പോലെ ജനങ്ങളിൽ വേരുകളുള്ള പ്രസ്ഥാനമാണ്. സമൂഹത്തിന്റെ സമ്പൂർണ ഇസ്‌ലാമികവത്കരണമാണ് സംഘടനയുടെ ലക്ഷ്യം. താഴേക്കിടയിലുള്ള സാമൂഹിക ക്ഷേമപ്രവർത്തനങ്ങൾ വഴി ജനകീയമായി മാറിയ സംഘടനക്ക് മൊറോക്കോയിലെ വിവിധ സർവകലാശാലകളിൽ ശക്തമായ വേരുകളുണ്ട്. എന്നാൽ അബ്ദുസ്സലാം യാസീന്റെ വ്യക്തിപ്രഭാവത്തിൽ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളാണ് സംഘടനയുടേതെന്ന ആരോപണമുണ്ട്.

പി.ജെ.ഡിയിൽനിന്ന് വേർപിരിഞ്ഞ മുഹമ്മദ് അൽ ഖാലിദി നേതൃത്വം നൽകുന്ന പ്രോഗസ് ആന്റ് വെർച്യൂ പാർട്ടി, ഓൾട്ടർനേറ്റീവ് സിവിലൈസേഷൻ പാർട്ടി, സ്വതന്ത്ര സ്ഥാനാർഥികളെ അവതരിപ്പിച്ച ഉമ്മ പാർട്ടി എന്നിവയും തെരഞ്ഞെടുപ്പിൽ മത്സരിച്ച ഇസ്‌ലാമിക പാർട്ടികളാണ്. ഇതാദ്യമായാണ് ഇസ്‌ലാമികാഭിമുഖ്യമുള്ള നാലു പാർട്ടികൾ മത്സരിക്കുന്നത്. പോൾ ചെയ്യപ്പെട്ട വോട്ടുകൾ ഭിന്നിക്കാൻ ചെറിയ തോതിൽ ഇതും കാരണമായിരിക്കാം.

## മനുഷ്യാവകാശ ലംഘനങ്ങൾ

ഹസൻ രാജാവ് രണ്ടാമന്റെ കാലത്തെ (1961–99) പോലെ രൂക്ഷമല്ലെങ്കിലും അദ്ദേഹത്തിന്റെ പുത്രൻ മുഹമ്മദ് ആറാമന്റെ ഭരണത്തിലും മനുഷ്യാവകാശ ലംഘനങ്ങളിൽ മൊറോക്കോയുടെ റെക്കോർഡ് മെച്ചമല്ല. രാജാവിന്റെ അപ്രമാദിത്വം ചോദ്യം ചെയ്യുന്നത് മറ്റേത് രാജവാഴ്ചയിലേതും പോലെ ഗുരുതരമായ കുറ്റമാണ്. ഡെമോക്രാറ്റിക് ബ്ലോക്ക് എന്ന പേരിലുള്ള ആറു പാർട്ടികളുടെ സഖ്യം രാജഭരണത്തെ തൊട്ടുകളിക്കാറില്ല. വിമർശനങ്ങൾ ഭരണകൂടം പൊറുപ്പിക്കാത്തതിനാൽ മാധ്യമ പ്രവർത്തകർ സ്വയം സെൻസർഷിപ്പ് പാലിക്കുന്നു. പശ്ചിമ സഹാറ മേഖല രാജ്യത്തോട് കൂട്ടിച്ചേർത്ത നടപടി ചോദ്യം ചെയ്യുന്നതും വലിയ കുറ്റമാണ്. രാജ്യത്തെ അറിയപ്പെടുന്ന മാധ്യമപ്രവർത്തകൻ അലി അൽമറാബതിനെ പ്രസ്തുത തൊഴിൽ ചെയ്യുന്നതിൽനിന്ന് പത്തു വർഷം വിലക്കുകയും അരലക്ഷം ദിർഹം പിഴശിക്ഷ വിധിക്കുകയും ചെയ്തത് വെസ്റ്റേൺ സഹാറയിലെ പ്രശ്നങ്ങൾ വസ്തുനിഷ്ഠമായി റിപ്പോർട്ട് ചെയ്തതിനാലാണ്. അറബ് ലോകത്ത് ഏറ്റവുമധികം മാധ്യമപ്രവർത്തകരെ ജയിലിലടച്ച രാജ്യങ്ങൾ മൊറോക്കോയും തുനീഷ്യയുമാണ്.

മൊറോക്കോയിൽ തെരഞ്ഞെടുക്കപ്പെട്ട പാർലമെന്റ് ഉണ്ടെങ്കിലും പ്രധാനമന്ത്രിയുടെ നിയമനവും ഭരണവിഷയത്തിൽ അന്തിമവാക്കും രാജാവിന്റേതാണ്. പാർലമെന്റ് പാസ്സാക്കുന്ന ഏതു നിയമവും വീറ്റോ ചെയ്യാൻ 'വിശ്വാസികളുടെ നേതാവ്' പട്ടം സ്വയം എടുത്തണിഞ്ഞ രാജാവിനു കഴിയും. ഇത്തരമൊരു സാഹചര്യത്തിൽ ഏറ്റവും വലിയ ഒറ്റകക്ഷിയായി അധികാരത്തിലെത്തിയാലും ഇസ്‌ലാമിസ്റ്റുകൾക്ക് കാര്യമായി ഒന്നും ചെയ്യാനാവില്ലെന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. അതേസമയം, അഴിമതിക്കെതിരെ പോരാട്ടവും ജനങ്ങളിലേക്ക് ഇറങ്ങിച്ചെന്നുള്ള പ്രവർത്തനവും മുഖമുദ്രയാക്കിയ പി.ജെ.ഡിക്ക് തുർക്കിയിലെ എ.കെ.പിയാണ് മാതൃക. ഇസ്‌ലാമിസ്റ്റുകളെ പൊറുപ്പിക്കില്ലെന്ന് ശപഥമെടുത്ത തുർക്കിയിലെ മതേതര മൗലികവാദികൾ ഇസ്‌ലാമിസ്റ്റുകളായ പ്രധാനമന്ത്രിയെയും പ്രസിഡന്റിനെയും അംഗീകരിക്കാൻ നിർബന്ധിതരായി. പ്രസിഡന്റിന് സല്യൂട്ട് ചെയ്യാതിരുന്ന സൈനിക തലവൻ കഴിഞ്ഞ ദിവസം തെറ്റു തിരുത്തി. എ.കെ.പിക്കും പി.ജെ.ഡിക്കും സാമ്യങ്ങളേറെ. പ്രത്യാശയുടെ വെളിച്ചമാണ് ഇരു പാർട്ടികളുടെയും ചിഹ്നങ്ങൾ. എ.കെ.പിക്ക് വൈദ്യുതി വിളക്കാണെങ്കിൽ പി.ജെ.ഡിക്ക് എണ്ണ വിളക്കാണെന്നു മാത്രം. ■

aboozainab@yahoo.co.uk